# മാനന്തേരി സൗത്ത് എൽ.പി.സ്കൂൾ

# പടവുകൾ

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025

| | |
|---|---|
| ജില്ല | : കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | : തലശ്ശേരി |
| വിദ്യാഭ്യാസ ഉപജില്ല | : കൂത്തുപറമ്പ് |

**2025-2026**

# മികവ് 2025-26

## സർഗാത്മക രചനയിലൂടെ ക്ലാസ്തല മാഗസിൻ നിർമ്മാണം

ലക്ഷ്യങ്ങൾ: : കുട്ടികളിൽ ഭാവന വളർത്തി സർഗാത്മക രചനകൾ നൽകൽ

: ക്ലാസ്തല അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പോർട്ട് ഫോളിയോ ഉല്പന്നങ്ങളെ മാഗസിന്റെ ഭാഗമാക്കൽ.

| പ്രവർത്തനം | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|
| കഥ, കവിത ശില്പശാലകൾ സംഘടിപ്പിക്കൽ | I<br>II<br>III<br>IV<br>V | ജൂൺ - ഡിസംബർ | CPTA |
| രചനകൾ | I<br>II<br>III<br>IV<br>V | | |
| മാഗസിൻ പ്രകാശനം | I<br>II<br>III<br>IV<br>V | | |

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയ ചരിത്രം
- കാഴ്ചപ്പാട്
- നേട്ടങ്ങൾ
- വെല്ലുവിളികൾ
- കുട്ടികളുടെ ഡാറ്റ
- ഭൗതിക സാഹചര്യം
- പൊതു ലക്ഷ്യങ്ങൾ
- സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും
- അക്കാദമിക പ്രവർത്തനങ്ങൾ
  - മലയാളം
  - ഗണിതം
  - പരിസരപഠനം
  - ഇംഗ്ലീഷ്
  - ഹിന്ദി
  - കല
  - കായികം
  - പ്രവൃത്തിപരിചയം

# ആമുഖം

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം മുന്നേറ്റത്തിന്റെ പാതയിലാണുള്ളത്. ഇന്നിന്റെ വെല്ലുവിളികളെ അതിജീവിക്കാനായാൽ മാത്രമേ മുന്നേറ്റത്തിന്റെ പാതയിലെത്തിച്ചേരാൻ സാധിക്കൂ. പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്.

അക്കാദമിക മികവാണ് വിദ്യാലയമികവ് എന്ന തിരിച്ചറിവിലൂടെ മാത്രമേ ഈ മുന്നേറ്റം കൂടുതൽ ശക്തമാക്കാനും നിലനിർത്താനും കഴിയൂ. സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തോടൊപ്പം അക്കാദമിക ഗുണനിലവാരം പരമാവധി ഉയർത്തുക എന്നതാണ് നമ്മുടെ മുന്നിലുള്ള ലക്ഷ്യം. ഇതിനായി ചിട്ടയായി ആസൂത്രം ചെയ്തതും വൈവിധ്യമാർന്നതും തനിമയുള്ളതുമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു 'അക്കാദമിക് മാസ്റ്റർ പ്ലാൻ' വിദ്യാലയ സാഹചര്യം പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്.

# വിദ്യാലയ ചരിത്രം

1939 ൽ സ്ഥാപിതമായ മാനന്തേരി സൗത്ത് എൽ. പി. സ്കൂൾ ചിറ്റാരിപ്പമ്പ് പഞ്ചായത്തിലെ മാനന്തേരി ഗ്രാമത്തിലെ വണ്ണാത്തി മൂലയിലാണ് സ്ഥിതി ചെയ്യുന്നത്.

ആദ്യകാലത്ത് കുഞ്ഞിരാമൻ ഗുരുക്കളുടെ മേൽനോട്ടത്തിലായിരുന്നു ഈ പള്ളിക്കൂടം നടത്തിയിരുന്നത്. സ്കൂളിന്റെ മേൽനോട്ടം കുഞ്ഞിരാമൻ ഗുരുക്കൾ ഗോപാലൻ നമ്പ്യാർക്ക് കൈമാറിയതോടെ പനമ്പും ഓലയും കൊണ്ട് കെട്ടിയുണ്ടാക്കിയ ഷെഡ് ഇന്നു കാണുന്ന രൂപത്തിലായി. ഇതിനുവേണ്ട സഹായം കുഞ്ഞിരാമൻ ഗുരുക്കളടക്കം നാട്ടുകാർ ചെയ്തുകൊടുത്തിരുന്നു. ഇന്ന് ഓടിന്റെ മേൽക്കൂരയോടു കൂടിയ കെട്ടുറപ്പുള്ള ഒരു കെട്ടിടം ഈ വിദ്യാലയത്തിനുണ്ട്.

## കാഴ്ചപ്പാട്

വിദ്യാലയം നിലനിൽക്കുന്ന സമൂഹത്തിനൊട്ടാകെ ഈ വിദ്യാലയം ഞങ്ങളുടെ സ്ഥാപനമാണ് അല്ലെങ്കിൽ സ്വന്തമാണ് എന്ന തോന്നലുണ്ടാകുന്ന പ്രവർത്തനങ്ങൾക്ക് ഉയർന്ന പരിഗണന നൽകും. ഉത്തമ പൗരനായി മാറാനുള്ള അനുഭവങ്ങൾ ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സ്കൂൾ ഏറ്റെടുത്ത് നടത്തും.

കരിക്കുലം നിർദ്ദേശിക്കുന്ന മുഴുവൻ ശേഷികളും എല്ലാ കുട്ടികളും നേടിയിരിക്കും. പ്രൈമറിതലം കഴിഞ്ഞ് പോവുന്ന കുട്ടികൾക്ക് മാതൃഭാഷയിൽ തെറ്റുകൂടാതെ എഴുതാനും വായിക്കാനും സ്വതന്ത്രമായി ഇംഗ്ലീഷ് സംസാരിക്കുവാനുമുള്ള ശേഷി ഉണ്ടായിരിക്കണം.

10 വർഷങ്ങൾ മുന്നിൽ കണ്ടുള്ള വികസന പ്രവർത്തനങ്ങൾ പി. ടി. എ, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ തുടങ്ങിയവരുടെ സഹായത്തോടെ ആരംഭിക്കണം. ഇന്ന് സ്കൂളഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിച്ച് മുന്നോട്ടു നീങ്ങണം.

ശിശുസൗഹൃദവും ശുചിത്വവുമുള്ള ഒരു വിദ്യാലയമായി മാറാൻ കഴിയണം.

# നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ, ദിനാചരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ സ്കൂളിനെ മികവിലേക്കുയർത്തുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. നല്ലവരായ നാട്ടുകാർ, രക്ഷിതാക്കൾ പി. ടി. എ, വിദ്യാലയ വികസന സമിതി അംഗങ്ങൾ, വിദ്യാലയത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന പഞ്ചായത്ത് മെമ്പർ, അധ്യാപക കൂട്ടായ്മ എന്നിവർ സ്കൂളിന്റെ ഭൗതിക നേട്ടങ്ങൾക്ക് ചുക്കാൻ പിടിക്കുന്നുണ്ട്.
- മുഴുവൻ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ക്രമീകരിച്ച് വച്ചിട്ടുണ്ട്.
- കലോത്സവങ്ങളിലും ശാസ്ത്ര മേളകളിലും നിരവധിയിനങ്ങളിൽ എ ഗ്രേഡുകൾ ഈ വിദ്യാലയത്തിലെ കുട്ടികൾ കരസ്ഥമാക്കിയിട്ടുണ്ട്. 2016-17 അധ്യയന വർഷത്തിൽ ഈ വിദ്യാലയത്തിലെ കുട്ടി എൽ. എസ്. എസ് കരസ്ഥമാക്കിയിട്ടുണ്ട്. മികച്ച എൽ. എസ്. എസ് പരിശീലനം നടപ്പിലാക്കി വരുന്നു
- സ്കൂൾ അസംബ്ലി കുട്ടികളുടെ നേതൃത്വത്തിൽ ചിട്ടയോടെ നടത്തി വരുന്നു.
- പോഷകപ്രദമായ ഉച്ചഭക്ഷണം നൽകി വരുന്നു.
- ആഘോഷങ്ങളും, ദിനാചരണ പ്രവർത്തനങ്ങളും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വിപുലമായി ആഘോഷിച്ചു വരുന്നു.

# പൊതുലക്ഷ്യങ്ങൾ

- ❖ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക.
- ❖ ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണക്കാക്കി അവരുടെ മേഖല കളുടെ വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.
- ❖ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പു വരുത്തുക.
- ❖ ഓരോ ഘട്ടം പൂർത്തിയാവുമ്പോഴും (ലോവർ പ്രൈമറി, അപ്പർ പ്രൈമറി) കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കും.
- ❖ കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- ❖ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരി ക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തും.

# സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

ഡിജിറ്റൽ ക്ലാസ്മുറികൾ

- 1 മുതൽ 5 വരെയുള്ള ക്ലാസ് മുറികൾ ഡിജിറ്റൽ ക്ലാസ് മുറികളാക്കുക.

അധ്യാപക ശാക്തീകരണം

- വിദഗ്ദരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ക്ലാസുകൾ, ക്യാമ്പുകൾ (അവധിക്കാലത്ത്)
- മുഴുവൻ അധ്യാപകർക്കും ക്ലാസ് റൂം പ്രവർത്തനം ഫലപ്രദമാക്കാൻ സ്വന്തമായി ലാപ്ടോപ്പ്

ബോധവൽക്കരണം - രക്ഷിതാക്കൾക്ക്

- മാസത്തിൽ ഒരു തവണ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്.
- രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം.

പെൺകുട്ടികൾക്ക് തുല്യ അവസരം

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഉന്നമനം.

## അക്കാദമിക പ്രവർത്തനങ്ങൾ                വിഷയം : മലയാളം

| ക്രമ ന. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. | എല്ലാ കുട്ടികളിലും വായനശീലം വികസിപ്പിക്കുക | 1 മുതൽ 4 വരെ | ക്ലാസ്സ് ലൈബ്രറിയിൽ പുസ്തകം ശേഖരിക്കുന്നു. പുസ്തക വായന, റിലേ വായന നടത്തുന്നു. വായനക്കാർഡുകൾ ഉപയോഗപ്പെടുത്തിയുള്ള വായന ആസ്വാദ്യകരമായ പരിശീലനം ടീച്ചർ നടത്തുന്നു. പുസ്തക ചർച്ച, വായനകുറിപ്പ് തയ്യാറാക്കൽ തുടങ്ങിയവ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ | 2000 |
| 2 | മലയാളഭാഷാ നൈപുണികൾ എല്ലാ കുട്ടികൾക്കും ആർജ്ജിക്കാൻ കഴിയുന്നില്ല. ഭാഷാ നൈപുണികൾ നേടുന്നതിൽ പരിമിതിയുള്ള കുട്ടികൾ ഉണ്ട് | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഭാഷാ നൈപുണികളും എല്ലാ കുട്ടികളും ആർജ്ജിക്കുക. | 1 മുതൽ 4 വരെ | ക്ലാസ്സ് അടിസ്ഥാനത്തിൽ കഥ, കവിത, കടങ്കഥ തുടങ്ങിയവയുടെ പതിപ്പ് തയ്യാറാക്കുന്നു. നല്ല ഭാഷാപ്രയോഗങ്ങൾ, നല്ല രചനകൾ, പുസ്തകത്തിലെ ഒരു ഭാഗം ദിവസവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ | 1000 |
| 3 | എല്ലാ കുട്ടികൾക്കും അക്ഷരത്തെറ്റില്ലാതെ എഴുതാൻ സാധിക്കുന്നില്ല. | മലയാളഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | 1 മുതൽ 4 വരെ | വാർഷിക കലണ്ടർ പ്രകാരം പാഠഭാഗങ്ങൾ തീർക്കുന്നു. ടെസ്റ്റ് നടത്തി കൂടുതൽ തെറ്റ് വരുത്തുന്നവരെ കണ്ടെത്തി പരിശീലനം പ്രവർത്തനാധിഷ്ഠിതമായി (ഉദാ: അക്ഷരസദ്യ അടയാളം ഉറപ്പിക്കൽ , ആഭരണം ചാർത്തൽ നടത്തി ദിവസവും രചന പരിശോധിച്ച്വിലയിരുത്തുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | മുഴുവൻ കുട്ടികളുംലൈബ്രറി പുസ്തകങ്ങൾ ചിട്ടയോടെ വായിക്കുന്നില്ല. അതായത് ലൈബ്രറി കുട്ടികൾ വായിച്ചു എന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. | മുഴുവൻ കുട്ടികളും മിനിമം 25 പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കുന്നതിന്. | 2 മുതൽ 5 വരെ | സ്കൂൾ ക്ലാസ്സ് ലൈബ്രറിയിൽ നിന്നും നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ക്ലാസ്ടീച്ചർ സെലക്ട് ചെയ്ത് കുട്ടികൾക്ക് നൽകുന്നു. അവ വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ വായിക്കാൻ അവസരം നൽകുന്നു. നല്ല വായനാക്കുറിപ്പിന് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ | 1000 |
| 5 | കുട്ടികളുടെ സർഗ്ഗാത്മക രചനക്കും ആവിഷ്ക്കാരത്തിനുമുള്ള അവസരം താരതമ്യേന കുറവ് | കുട്ടികളുടെ സർഗ്ഗാത്മക രചനക്കും ആവിഷ്ക്കാരത്തിനുമുള്ള ശേഷി വികസിപ്പിക്കുക. | 2 മുതൽ 5 വരെ | കുട്ടികളുടെ ഭാവന വിടർത്താനുള്ള പ്രവർത്തനങ്ങൾ ചിത്രം നോക്കി (കഥപറയൽ), കഥ എഴുതൽ, പൂർത്തിയാക്കൽ (ആദ്യം / ശേഷം) തുടങ്ങിയവ നടപ്പിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ | 2000 |
| 6 | | എല്ലാ കുട്ടികൾക്കും സദസ്സിന് മുന്നിൽ സംസാരിക്കാൻ സാധിക്കുന്നില്ല. | 1 മുതൽ 5 വരെ | പ്രസംഗപരിശീലനക്കളരി -വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസ്സ് സ്കൂൾ അസംബ്ലിയിൽ ദിവസവും മൂന്നോ നാലോ പേർക്ക് സംസാരിക്കാനുള്ള അവസരം നൽകുന്നു. നല്ല പ്രസംഗകന് സമ്മാനം നൽകുന്നു. | ജൂലായ് മുതൽ ഫിബവരി | എച്ച്. എം | 1000 |

# ഗണിതം

| ക്ര ന. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | ഗണിത പഠനത്തിൽ താത്പര്യമില്ലായ്മ | 3, 4,5 ക്ലാസ്സിലെ കുട്ടികളിൽ ഗണിതാഭിരുചി വളർത്തുക. | 3, 4, 5, ക്ലാസ്സിലെ എല്ലാ കുട്ടികളും | * ക്ലാസ്സിൽ /അസംബ്ലിയിൽ ഒരു ദിവസം ഒരു കുസൃതിക്കണക്ക്, പസിൽ അവതരണം<br>* കളികളിലൂടെ ഗണിത പഠനം (വിദഗ്ദരുടെ ക്ലാസ്സുകൾ)<br>* മനക്കണക്ക് മത്സരങ്ങൾ<br>* ഗണിത ക്വിസ് മത്സരങ്ങൾ (ആഴ്ചയിൽ ഒരു ദിവസം)<br>* ഗണിതശാസ്ത്ര ഏകദിന ക്യാമ്പ്<br>* ഗണിതശാസ്ത്രം കൈയ്യെഴുത്ത് മാഗസിൻ | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെ | 3, 4, 5 ക്ലാസ്സിലെ അദ്ധ്യാപകർ | 2500 |
| 2 | ഉയർന്ന ഗ്രേഡുകൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്നില്ല | എല്ലാ കുട്ടികളേയും ഉയർന്ന ഗ്രേഡിലേക്ക് എത്തിക്കുക. | സ്കൂളിലെ മുഴുവൻ കുട്ടികളും | * സ്കിം ഓഫ് വർക്കനുസരിച്ച് പാഠഭാഗങ്ങൾ ലളിതവൽക്കരിച്ച് കുട്ടികളിലേക്ക് എത്തിക്കുക<br>* ഗണിതപഠനം പരമാവധി ഐ. സി. ടി. അധിഷ്ഠിതമാക്കുക | ജൂൺ മുതൽ ജൂലായ് വരെ | ക്ലാസ്സ് ടീച്ചർ | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | * മാസത്തിൽ 2 പരീക്ഷ നടത്തുക സമ്മാനം നൽകുക<br>* പഠനനിലവാരം കുട്ടികളെ അറിയിക്കുക.<br>* മനക്കണക്കിന് സാധ്യതയുള്ള ഭാഗങ്ങൾ പ്രോത്സാഹിപ്പിക്കുക.<br>* ഗണിതശാസ്ത്രം കൈയ്യെഴുത്ത് മാഗസിൻ | ജൂൺ മുതൽ മാർച്ച് വരെ | | |
| 3 | സ്ഥാനവില തിരിച്ചറിയുന്നില്ല | സ്ഥാനവില തിരിച്ചറിയ്ക. | 3, 4, 5 ക്ലാസ്സിലെ മുഴുവൻ കുട്ടികളും | * സ്ഥാനവില പോക്കറ്റ്, അബാക്കസ്<br>* ഈർക്കിൽ കെട്ടുകൾ ഉപയോഗിച്ച് സ്ഥാനവില പഠിക്കുക<br>* വിവിധതരം കളികളിലൂടെ സ്ഥാനവില ഉറപ്പിക്കുന്നു | ജൂൺ മുതൽ ജൂലായ് വരെ | ക്ലാസ്സ് ടീച്ചർ | 500 |
| 4 | സമയത്തെക്കുറിച്ച് ധാരണ ഇല്ലായ്മ | സമയത്തെക്കുറിച്ച് ധാരണ ഉറപ്പിക്കൽ | 3, 4, ക്ലാസ്സിലെ മുഴുവൻ കുട്ടികളും | * ക്ലോക്ക് നിർമ്മാണം<br>* നിത്യജീവിതത്തിലെ സന്ദർഭങ്ങൾ സമയവുമായി ബന്ധിപ്പിക്കൽ<br>* റെയിൽവേ സമയം തിരിച്ചറിയല | ജൂലായ് മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | 500 |

| ക്രമ. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 5 | എല്ലാ ക്ലാസ്സിലും ഗണിതോപകരണങ്ങൾ ആവശ്യാനുസരണം ഇല്ല | എല്ലാ ക്ലാസ്സിലും ഗണിതോപകരണങ്ങൾ ലഭ്യമാക്കുക | സ്കൂളിലെ മുഴുവൻ കുട്ടികളും | * ഓരോ ക്ലാസ്സിലും വേണ്ട ഗണിതോപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു ശേഖരിക്കുന്നു.<br>* കുട്ടികൾക്ക് സ്വയം പഠനത്തിന് അവസരം ലഭിക്കുന്നു. | ഒരു വർഷം | പി. ടി. എ, വിദ്യാലയ വികസന സമിതി, ക്ലാസ്സ് ടീച്ചർ | 6000 |
| 6 | ഗണിതശാസ്ത്ര മേളയിൽ കുട്ടികൾക്ക് ഗ്രേഡ് ലഭ്യമാകുന്നില്ല. | മികച്ച കുട്ടികൾക്ക് ഉയർന്ന ഗ്രേഡ് ലഭ്യമാക്കുക | 3തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ | * അർഹരായ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പ്രത്യേകം പരിശീലനം നൽകുക<br>* വിദഗ്ദരുടെ ക്ലാസ്സുകൾ | ജൂൺ മുതൽ നവംബർ വരെ | ക്ലാസ്സ് ടീച്ചർ | 1500 |

## ശാസ്ത്രം

| ക്രമ. നം. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | ശാസ്ത്രാഭിരുചി കുറവ് | മുഴുവൻ കുട്ടികൾക്കും ശാസ്ത്രാഭിരുചി വളർത്തൽ | 3,4,5 ക്ലാസ്സിലെ കുട്ടികൾ | * ക്ലാസ്സ്തല ക്വിസ്<br>* ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടുത്തൽ<br>* ശാസ്ത്രോത്സവം<br>* ശാസ്ത്ര പഠനം (ഐ. സി. ടി.) ഉപയോഗിച്ച്<br>* ശേഖരണം<br>* പഠനോപകരണങ്ങൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000 |
| 2 | എല്ലാ ക്ലാസ്സിലും ശാസ്ത്ര പഠനോപകരണങ്ങൾ ആവശ്യാനുസരണം ഇല്ല | എല്ലാ ക്ലാസ്സിലും ശാസ്ത്ര പഠനോപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുക. | 3,4,5 ക്ലാസ്സിലെ കുട്ടികൾ | ഓരോ ക്ലാസ്സിലും ശാസ്ത്രോപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ശേഖരിക്കുന്നു. കുട്ടികൾക്ക് സ്വയം പഠനത്തിന് അവസരം ഒരുക്കുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | 10000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ചുറ്റുപാടുമുള്ള ജീവജാലങ്ങൾ , ജലജീവികൾ, ഇലകൾ, പക്ഷികൾ, ജലജീവികൾ എന്നിവ നിരീക്ഷിക്കൽ | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ പരിചയപ്പെടൽ, ഇലകൾ, പക്ഷികൾ, ജലജീവികൾ എന്നിവ നിരീക്ഷിക്കൽ | 3,4,5 ക്ലാസ്സിലെ കുട്ടികൾ | പ്രകൃതി നടത്തം, ചുറ്റുപാടുകൾ, നിരീക്ഷിച്ച് ജീവജാലങ്ങളെക്കുറിച്ച് അറിയുന്നു. കുറിപ്പ് തയ്യാറാക്കുന്നു. ജലജീവികളുടെ പ്രത്യേകത, വാസസ്ഥലം, പ്രത്യേകത തുടങ്ങിയവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു. സ്ഥാനവില ഉറപ്പിക്കുന്നു. ഇലനിരീക്ഷണം, പക്ഷി നിരീക്ഷണം | ജൂലായ് മുതൽ ഡിസംബർ വരെ | ക്ലാസ്സ് ടീച്ചർ | 1000 |
| 4 | ജീവന്റെ നിലനിൽപ്പിന് ആധാരമായ വായു,ജലം, മണ്ണ് എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നില്ല | വായു, ജലം, മണ്ണ് എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കാൻ | 3,4,5 ക്ലാസ്സിലെ കുട്ടികൾ | പരീക്ഷണങ്ങൾ, ശുദ്ധജല ലഭ്യത കൃഷി സസ്യങ്ങളുടെ പ്രാധാന്യം ഇല, തണ്ട്, വേര്, ഇവയുടെ കുറിപ്പ് തയ്യാറാക്കൽ | ജൂലായ് മുതൽ ഡിസംബർ വരെ | ക്ലാസ്സ് ടീച്ചർ | 1000 |
| 5 | ഭൂമിയെക്കുറിച്ചും പ്രകൃതിയിലുണ്ടായ മാറ്റങ്ങളെ കുറിച്ചും തിരിച്ചറിയുന്നില്ല | ഗ്ലോബ്, മാപ്പ് എന്നിവയുടെ സഹായത്തോടെ ഭൂമിയെക്കുറിച്ചും പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചും തയ്യാറാക്കുന്നു. | 3,4,5 ക്ലാസ്സിലെ കുട്ടികൾ | ഗ്ലോബ്, മാപ്പ് നിരീക്ഷണം നിരീക്ഷിച്ച് രേഖപ്പെടുത്തൽ, വൻകരകൾ, സ്സ്ഥാനങ്ങൾ, ജില്ലകൾ, പ്രമുഖ സ്ഥാപനങ്ങൾ (ഐ. സി.ടി) എന്നിവയുടെ സഹായത്തോടെ പ്രദർശനം | ഒക്ടോബർ മുതൽ ഡിസംബർ വരെ | ക്ലാസ്സ് ടീച്ചർ | 1000 |
| 6 | ജനാധിപത്യ വ്യവസ്ഥ തിരിച്ചറിയുന്നില്ല | ജനാധിപത്യ വ്യവസ്ഥ തിരിച്ചറിയുന്നു | 4,5 ക്ലാസ്സിലെ കുട്ടികൾ | സ്കൂളിൽ ഗ്രാമസഭ, തിരഞ്ഞെടുപ്പ് ഘട്ടഘങ്ങൾ, സ്കൂൾ ലീഡർ, ക്ലാസ്സ് ലീഡർ തെരഞ്ഞെടുപ്പ് , സ്കൂൾ പാർലമെന്റ് (ഐ. സി.ടി) | ജനുവരി ഫിബ്രവരി | ക്ലാസ്സ് ടീച്ചർ | 1000 |

# ഇംഗ്ലീഷ്

| ക്രമ. | പഠന പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | നല്ല ഇംഗ്ലീഷ് കേൾക്കുവാനും അനുഭവിക്കാനുമുള്ള അവസരക്കുറവ് | നല്ല ഇംഗ്ലീഷ് കേൾക്കുവാനും അനുഭവിക്കാനുമുള്ള അവസരങ്ങൾ ക്ലാസ്സ് റൂമിൽ ലഭ്യമാക്കുക | 1 മുതൽ 5 വരെയുള്ള വിദ്യാർത്ഥികൾ | വിദഗ്ദരായ അദ്ധ്യാപകരെ ഉൾപ്പെടുത്തി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ സംഘടിപ്പിക്കാൻ ഇംഗ്ലീഷ് അദ്ധ്യാപകൻ (ഇംഗ്ലീഷ് വിദഗ്ദർ) ഇംഗ്ലീഷിൽത്തന്നെ ക്ലാസ്സ് കൈകാര്യം ചെയ്യുക. ഇമ്പമുള്ള ഇംഗ്ലീഷ് സോങ്ങുകൾ ക്ലാസ്സിൽ കേൾപ്പിക്കുക. ........ സാധ്യതകൾ ക്ലാസ്സ് റൂമിൽ ഉൾപ്പെടുത്തുക | ജൂൺ മുതൽ മാർച്ച് വരെ | എസ്. ആർ. ജി, പി. ടി. എ | 500 |
| 2 | ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരക്കുറവ് | ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരമുണ്ടാക്കൽ | 1 മുതൽ 5 വരെ | ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്തുക കുട്ടികളെ വിഷ് ചെയ്യാൻ പ്രേരിപ്പിക്കുക. നിർബന്ധമാക്കുക | ആഗസ്ത് മുതൽ മാർച്ച് വരെ | എസ്. ആർ. ജി, അധ്യാപകൻ | 500 |
| 3 | ഇംഗ്ലീഷ് ഭാഷ വായിക്കാനുള്ള അവസരക്കുറവ് | ഇംഗ്ലീഷ് വായിക്കാനുള്ള അവസരമൊരുക്കുക | 1 മുതൽ 5 വരെ | Reading cards Simple Stories എന്നിവ വായിക്കാനുള്ള അവസരം ലഭ്യമാക്കുക. ക്ലാസ്സ് റൂം ലൈബ്രറിയിൽ സിമ്പിൾ ഇംഗ്ലീഷ് ബുക്ക്സ് ലഭ്യമാക്കുക ചുമരുകളിൽ ക്ലാസ് റൂമുകളിൽ സജ്ജീകരിക്കുക | ജൂലായ് മുതൽ മാർച്ച് വരെ | അധ്യാപകൻ | 500 |

| ക്രമ. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ക്ലാസ്സ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| | | | | അവ ഇംഗ്ലീഷ് ഫെസ്റ്റിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.<br>ബാലസഭയിൽ ഓരോ മാസവും ഇംഗ്ലീഷിന് പ്രത്യേകം അവസരം നൽകുന്നു.<br>സമ്മാനം നൽകുന്നു. | | | |
| 5 | ഇംഗ്ലീഷ് എഴുത്ത് മെച്ചപ്പെടാത്ത അവസ്ഥ<br>ഗ്രാമർ ഇംഗ്ലീഷിൽ ബേസ് ഉണ്ടാവാത്ത അവസ്ഥ | ഗ്രാമാറ്റിക്കൽ ആയി ഇംഗ്ലീഷ് എഴുതൽ ശരിയായി സെന്റൻസ് എഴുതുക | 1 മുതൽ 5 വരെ | Writting Simple sentence<br>Grammatical Study<br>Writing diary<br>Discription in simple sentence<br>Communication english | ജനുവരി മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | ടീച്ചർ എസ്.ആർ. ജി |

## EASY ENGLISH
## I - II Std

| ക്രമ. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | Lack of friendly english | To make friendly english | I to II | To improve the confidence of learning speaking english by using simple classroom interaction | June to March | Class Teacher | 500 |
| 2 | Lack of Picturing | To make good picture | I to II | Teacher distribute simple pictures among the children and asks them to colouring it. | July to March | Class Teacher | 500 |
| 3 | Non Availability puzzles | Stock of more puzzles | I to II | Using simple puzzle and asks them, learned to find out who in having inside it. | July August | Class Teacher | 300 |
| 4 | Rhymes | Fescility Rhymes | I to II | With the help of teacher says small rhymes graphically | June to March | Class Teacher | 300 |
| 5 | Word gaming | Making more and new words | I to II | Rearrange the letters and find out new words. | December to March | Class Teacher | 200 |

# ഹിന്ദി

| ക്രമ. | പഠന പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | കുട്ടികൾക്ക് ഹിന്ദിയിൽ വാക്യങ്ങൾ ഉണ്ടാക്കാൻ കഴിയുന്നില്ല | കുട്ടികൾക്ക് ഹിന്ദിയിൽ വാക്യങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് പ്രാപ്ത മാക്കുക | 5 ക്ലാസ്സിലെ വിദ്യാർത്ഥികൾ | പാഠഭാഗങ്ങൾ സമയക്രമമനുസരിച്ച് തീർക്കുന്നു. ടെസ്റ്റ് നടത്തി തെറ്റ് വരുത്തുന്ന കുട്ടികളെ ഒരു ഗ്രൂപ്പാക്കുന്നു. എല്ലാ ദിവസവും 3.30ന് ശേഷം ഐ. സി. ടി. സാധ്യത ഉപയോഗിച്ച് പരിശീലനം നൽകുന്നു. എല്ലാ ആഴ്ചയും രചനകൾ പരിശോധിച്ച് വിലയിരുത്തുന്നു. മികവ് പുലർത്തുന്ന കുട്ടികൾക്ക് സ്റ്റാർ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക | 1000 |
| 2 | കുട്ടികൾക്ക് ലൈബ്രറിയിൽ നിന്നും ഹിന്ദി പുസ്തകങ്ങൾ വായിക്കാൻ താത്പര്യമില്ല. | ഹിന്ദി പുസ്തകങ്ങൾ വായിക്കാനുള്ള അവസരം നൽകുന്നു. കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുന്നു.. | 5 ക്ലാസ്സിലെ വിദ്യാർത്ഥികൾ | ടീച്ചർ കുട്ടികളുടെ നിലവാരത്തിലുള്ള പുസ്തകങ്ഹൾ നൽകുന്നു. ഇവ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കുന്നു. വായിപ്പിക്കുന്നു. നല്ല വായനാകുറിപ്പിന് സമ്മാനം നൽകുന്നു. | ഒക്ടോബർ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | കുട്ടികൾക്ക് ഹിന്ദിയിൽ സംസാരിക്കാൻ ബുദ്ധിമുട്ട് ഉണ്ട് | കുട്ടികൾക്ക് ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് പ്രാപ്തമാക്കുന്നു | 5–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾ | കഥ, കവിത, നാടകം, എന്നിവ ഐ. സി. ടി. ഉപയോഗിച്ച് കാണാനും കേൾക്കാനുമുള്ള അവസരം ടീച്ചർ കുട്ടികൾക്ക് നൽകുന്നു. ഇതിൽ ഏതെങ്കിലും ഒന്ന് ടീച്ചറുടെ സഹായത്തോടെ ബാലസഭയിൽ അവ തരിപ്പിക്കുന്നു. (ഗ്രൂപ്പ് പ്രവർത്തനം) നന്നായി അവതരിപ്പിച്ച ഗ്രൂപ്പിന് സമ്മാനം നൽകുന്നു.<br>* ഭാഷാകേളികൾ നടത്തുന്നു.<br>*അസംബ്ലിയിൽ ആഴ്ചയിൽ 1 ദിവസം ഹിന്ദിയിൽ സംസാരിക്കാനുള്ള അവസരംനൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക | 1000 |
| 4 | ഹിന്ദി കഥകൾകേട്ട് ആശയം ഗ്രഹിക്കാൻ കഴിയുന്നില്ല. | കഥകൾ വായിച്ച് ആശയം ഗ്രഹിക്കാനുള്ള കഴിവ് പ്രാപ്തമാക്കുന്നു. | 5–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾ | ചിത്രകഥകൾ എ.സി.ടി.യുടെ സഹായത്തോടെ കുട്ടികളെ കാണിക്കുന്നു. കഥ കുട്ടിയെക്കൊണ്ട് പറയിപ്പിക്കുന്നു. പിന്നീട് കഥ വ്യക്തിഗതമായി എഴുതിക്കുന്നു. കഥാപാത്രങ്ങളുടെ മുഖംമൂടി നിർമ്മിച്ച് നാടകരൂപത്തിൽ അവതരിപ്പിക്കുന്നു | ജൂലായ് മുതൽ ഫിബ്രവരി വരെ | ഹിന്ദി അധ്യാപിക | 500 |
| 5 | സംഭാഷണം വികസിപ്പിച്ചെഴുതാൻ പ്രയാസം അനുഭവപ്പെടുന്നു. | സംഭാഷണം വികസിപ്പിച്ചെഴുതാനുള്ള കഴിവ് പ്രാപ്തമാക്കുന്നു. | 5–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾ | ദൈനംദിന ജീവിതത്തിലെ സംഭവങ്ങളെ സംഭാഷണരൂപത്തിൽ ഉണ്ടാക്കുന്നു. (സ്കൂൾ, കട, വീട് ഇതുമായി ബന്ധപ്പെട്ട സംഭവങ്ങൾ) എല്ലാ ആഴ്ചയിലും ഒരു ദിവസം സംഭാ,ണം അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | സെപ്തംബർ മുതൽ ഫിബ്രവരി വരെ | ഹിന്ദി അധ്യാപിക | 500 |

## കല

| ക്രമ ന. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | കലാമേളകളിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ഉയർന്ന ഗ്രേഡ് ലഭിക്കുന്നില്ല. | കലാവാസനയുള്ള മുഴുവൻ കുട്ടികളുടെയും പെർഫോർമൻസ് ഉയർന്ന ഗ്രേഡിൽ എത്തിക്കുക | കലാ വാസന ഉള്ള കുട്ടി കൾ | എല്ലാ അആഴ്ചയിലും ഒരു ദിവസം ബാലസമാജം നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് താല്പര്യമുള്ള മേഖലകലിൽ പ്രത്യേക പരിശീലനം നൽകുന്നു. നൃത്ത പരിശീലനം ശനിയാഴ്ചകളിൽ നടത്തുന്നു, നാടക ക്യാമ്പ് മാസത്തിലൊരിക്കൽ നടത്തുന്നു. വിദഗ്ദരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ചിത്രരചനാ ക്യാമ്പ്, കളിമൺ രൂപ നിർമ്മാണം തുടങ്ങിയവ നടത്തുന്നു | ജൂൺ മുതൽ ഒക്ടോബർ വരെ | ക്ലാസ്സ് ടീച്ചർ, പി. ടി. എ | 5000 |

## കല

| ക്രന. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | കലാമേളകളിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ഉയർന്ന ഗ്രേഡ് ലഭിക്കുന്നില്ല. | കലാവാസനയുള്ള മുഴുവൻ കുട്ടികളുടെയും പെർഫോർമൻസ് ഉയർന്ന ഗ്രേഡിൽ എത്തിക്കുക | കലാവാസനഉള്ള കുട്ടികൾ | എല്ലാ അആഴ്ചയിലും ഒരു ദിവസം ബാലസമാജം നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് താല്പര്യമുള്ള മേഖലകലിൽ പ്രത്യേക പരിശീലനം നൽകുന്നു. നൃത്ത പരിശീലനം ശനിയാഴ്ചകളിൽ നടത്തുന്നു, നാടക ക്യാമ്പ് മാസത്തിലൊരിക്കൽ നടത്തുന്നു. വിദഗ്ദരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ചിത്രരചനാ ക്യാമ്പ്, കളിമൺ രൂപ നിർമ്മാണം തുടങ്ങിയവ നടത്തുന്നു | ജൂൺ മുതൽ ഒക്ടോബർ വരെ | ക്ലാസ്സ് ടീച്ചർ, പി. ടി. എ | 5000 |

## കായികം

| ക്രം. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | കായികമത്സരത്തിൽ പങ്കെടുക്കുന്ന മുഴുവൻ കുട്ടികലും ഉന്നത നിലവാരം പുലർത്തുന്നില്ല | ആരോഗ്യ കായിക മേഖലയിൽ മുഴുവന്ഡ കുട്ടികളേയും കരുത്തുറ്റവരാക്കുക | സ്കൂളിലെ മുഴുവൻ കുട്ടികളും | കുട്ടികൾക്ക് കായിക പരിശീലനം പോഷകപ്രധാനമായ ഉച്ചഭക്ഷണം, തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് വൈകുന്നേങ്ങളിൽ പ്രത്യേക പരിശീലനം | 1 വർഷം | എച്ച്. എം, പി. ടി, എ | 2000 |

## പ്രവർത്തിപരിചയം

| ക്രം. | പശ്ചാത്തലം / പ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | പ്രവർത്തിപരിചയ മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ഉയർന്ന ഗ്രേഡ് ലഭിക്കുന്നില്ല. | മുഴുവൻ കുട്ടികൾക്കും പ്രവർത്തിപരിചയ പരിശീലനം നൽകുക, മത്സരങ്ങളിൽ ഉയർന്ന ഗ്രേഡ് ലഭിക്കുക. | 1 മുതൽ 5 വരെ | | ജൂൺ മുതൽ നവംബർ വരെ | ക്ലാസ്സ് ടീച്ചർ. പി. ടി, എ | 2000 |

## പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

മലയാളം ◀ കുട്ടികൾക്ക് സ്വയം വിലയിരുത്താനുള്ള അവസരം നൽകുന്നു.

◀ അദ്ധ്യാപകർ ഗ്രേഡ് നിശ്ചയിക്കുന്നു.

◀ ക്ലാസ്സ് പി. ടി. എ. ചർച്ച ചെയ്യുന്നു.

ഗണിതം ◀ കുട്ടികൾക്ക് സമയബന്ധിതമായി ക്ലാസ്സ് ടെസ്റ്റ് നടത്തുന്നു. അദ്ധ്യാപകർ ഗ്രേഡ് നിർണ്ണയിക്കുകയും രക്ഷിതാക്കളുമായി ചർച്ച നടത്തി വിശകലനം ചെയ്യുന്നു.

പരിസര പഠനം ◀ കുട്ടികൾ ഗ്രൂപ്പിൽ വിലയിരുത്തുന്നു. അദ്ധ്യാപകർ ഗ്രേഡ് നിർണ്ണയിക്കുകയും രക്ഷിതാക്കളുമായി ചർച്ച നടത്തി വിശകലനം ചെയ്യുന്നു.

ഇംഗ്ലീഷ് ◀ എസ്. ആർ. ജി. ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നു. ക്ലാസ്സ് പി. ടി. എ. യിൽ വിശദീകരണവും ചർച്ചയും നടത്തുന്നു.

കല-കായിക പ്രവർത്തി പരിചയം

◀ എസ്. ആർ. ജി. യും പി. ടി. എ. യും നിലവാരം പരിശോധിക്കുന്നു. വിലയിരുത്തുന്നു.

എല്ലാ പ്രവർത്തനങ്ങളുടെയും വിലയിരുത്തലിന് പി. ടി. എ. യെ ചുമതലപ്പെടുത്തുന്നു.